# ഭരണകൂടത്തിനോടുള്ള പൊതുജന സമീപനം: ഇസ്‌ലാമിക വീക്ഷണത്തിൽ

ഏതാനും ജുമുആക്ക് മുമ്പ് ഫെബ്രുവരി അവസാന ജുമുഅയിൽ ഇസ്‌ലാമിക ലോകത്തിന്റെ അവസ്ഥ വിവരിച്ചുകൊണ്ട് ഞാൻ അഹ്മദികളുടെ ഉത്തരവാദിത്വങ്ങൾ ഓർമ്മപ്പെടുത്തുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ അപേക്ഷിക്കുകയും ചെയ്തിരുന്നു. രാജാവ് അല്ലെങ്കിൽ ഭരണാധികാരി എന്ന നിലയിൽ നിങ്ങളുടെ കടമകൾ ശരിയാംവണ്ണം നിറവേറ്റുക എന്ന സന്ദേശം മുസ്‌ലിം നാടുകളിലെ രാജാക്കന്മാർ വരെ വ്യക്തമായ രീതിയിൽ നേരിട്ട് നമ്മുടെ ശബ്ദം എത്തിക്കുവാനുള്ള മാർഗ്ഗങ്ങളോ കഴിവോ നമുക്കില്ല. ചില സ്ഥലങ്ങളിൽ ഏതെങ്കിലും രീതിയിൽ നമുക്കതെത്തിക്കാൻ കഴിഞ്ഞേക്കാം. എന്നിരുന്നാലും വ്യക്തമായി എത്തിക്കാൻ കഴിമോ എന്നറിയില്ല. അതുകൊണ്ടാണ് പ്രാർത്ഥനയിൽ അടിയുറച്ച് വിശ്വസിക്കുന്ന അഹ്മദികളോട് പ്രത്യേകമായ നിലയിൽ പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഞാൻ ആവശ്യപ്പെട്ടിരുന്നത്. ഇസ്‌ലാമിക നാടുകളിലെ ഭരണാധികാരികൾക്ക് അല്ലാഹു ബുദ്ധി പ്രദാനം ചെയ്യട്ടെ എന്നും എല്ലാതരം നാശത്തിൽനിന്നും ഇവർ രക്ഷപ്പെടട്ടെ എന്നും പ്രാർത്ഥിക്കുക.

ഇതോടൊപ്പം പൊതുജനങ്ങൾ അവരുടെ ഉത്തരവാദിത്വം മനസ്സിലാക്കണമെന്നും സ്വന്തം നാടിനെ തീവ്രവാദികളുടേയോ അന്യരുടേയോ മടിത്തട്ടിൽ കൊണ്ടിടരരുതെന്നും ഞാൻ ഉപദേശിച്ചിരുന്നു. ആ നാടുകളിൽ താമസിക്കുന്ന അഹ്മദികൾക്ക് ഈ ഖുത്വുബയിലൂടെ വീണ്ടും ഞാൻ ഒരു സന്ദേശം നൽകാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ കൂടുതലായി പ്രാർത്ഥനാ നിരതരാവുക. കഴിയുന്നത്ര ഇരുപക്ഷത്തിനും തീവ്രവാദം ഒരു പ്രശ്നത്തിനും പരിഹാരമല്ലെന്നും ഏറ്റവും ശക്തമായ ആയുധം ദുആയാണെന്നുമുള്ള കാര്യങ്ങൾ പറഞ്ഞു ധരിപ്പിക്കാൻ ശ്രമിക്കുക. അഹ്മദികളിൽ ഭൂരിഭാഗവും എന്റെ സന്ദേശത്തിലെ കഴമ്പ് മനസ്സിലാക്കിയിരുന്നു. അഹ്മദികൾ പൊതുവിൽ കുഴപ്പത്തിലൊ ആക്രമപ്രവർത്തനങ്ങളിലോ ഭാഗഭാക്കായിട്ടില്ല. എന്നാൽ ചിലരുടെയെങ്കിലും മനസ്സിൽ ഉതിച്ചുവരുന്ന ചില ചോദ്യങ്ങളുണ്ട്. അക്രമികളും ക്രൂരരുമായ ഭരണാധികാരികൾക്കെതിരിൽ, അവരുടെ തെറ്റായ നിയമങ്ങൾ കാരണം എത്രകാലം വരെ ഞങ്ങൾ ക്ഷമ കൈകൊള്ളണം. നമ്മുടെ ഭാഗത്ത്നിന്ന് ഇതിന് എങ്ങനെ പ്രതികരിക്കണം. അല്ലെങ്കിൽ ചില ആഫ്രിക്കൻ നാടുകളിൽ ഐവറികോസ്റ്റ്പോലുള്ള സ്ഥലങ്ങളിൽ നടക്കുന്നതുപോലെ ഭരണമാറ്റം നടക്കുന്നതല്ല. ഇവർക്കെതിരിൽ എങ്ങനെ പ്രതികരിക്കണം? മറ്റുള്ള ജനങ്ങളുമായി സഹകരിച്ചുകൊണ്ട് ഭരണ തീവ്രദക്കെതിരിൽ അഹ്മദികൾ ഏതു രീതിയിലുള്ള നിലപാടാണ് എടുക്കേണ്ടത്? അല്ലെങ്കിൽ ഭരണകൂടത്തിന്നെതിരിലുള്ള പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുക്കാവുന്നതാണോ? ഞാൻ നൽകിയിരുന്ന സന്ദേശത്തിന്റെ പൊരുൾ മനസ്സിലാക്കാൻ ചില വിദ്യാസമ്പന്നർക്ക് പോലും കഴിയാതെപോയി. അതുകൊണ്ട് അവർ ഇവ്വിധമുള്ള ചോദ്യങ്ങളുന്നയിക്കുന്നു. അവർ രണ്ടാലൊരു മറുപടിയാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് നമുക്ക് ശക്തമായ നടപടികൾ എടുക്കാൻ അനുവാദമുണ്ടോ? ഇല്ലയോ? അതല്ലെങ്കിൽ ഈ അക്രമത്തെ ഏതുവരെ സഹിക്കണം? ഇതുമായി ബന്ധപ്പെട്ടുകൊണ്ട് അറബ് നാടുകളുടെയും അറബി സംസാരിക്കുന്ന ആഫ്രിക്കൻ നാടുകളുടെയും കാര്യങ്ങൾ നോക്കുന്ന അറബിക്ക് ഡസ്കിന്റെ ജനാബ് ഹാനീ താഹിർ സാഹിബുമായി ഞാൻ സുദീർഘമായി സംസാരിക്കുകയുണ്ടായി. ഈയവസ്ഥയിൽ ഒരഹ്മദിയുടെ പ്രതികരണം എന്തായിരിക്കണമെന്ന് ഞാൻ അദ്ദേഹത്തിന് വ്യക്തമാക്കിക്കൊടുത്തിരുന്നു. ഇരുവിഭാഗത്തുനിന്നുമുണ്ടാകുന്ന നല്ലതും മോശവുമായ കാര്യങ്ങൾ എന്തെല്ലാമായിരിക്കുമെന്നും നാം ഏതുരീതിയിലാണ് ഇവയെല്ലാം കാണേണ്ടതെന്നും പറഞ്ഞിരുന്നു. ഈ കാര്യങ്ങളെല്ലാം ബന്ധപ്പെട്ട നാടുകളിലും നമുക്ക് ബന്ധപ്പെടാൻ കഴിയുന്ന സ്ഥലങ്ങളിലും എഴുതി അറിയിക്കാൻ പറഞ്ഞിരുന്നു. ഇത് ചെയ്താൽ മാത്രമെ അഹ്മദികൾക്ക് യഥാർത്ഥ അവസ്ഥ മനസ്സിലാകുകയുള്ളൂ. എന്നാൽ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്ന ചില കത്തുകളിൽ നിന്നും ചോദ്യങ്ങളിൽ നിന്നും മനസ്സിലാകുന്നത് ചിലർക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണം എന്താണെന്ന് ഇതുവരെ മനസ്സിലായിട്ടില്ല എന്നാണ്. ഈ വീക്ഷണത്തിന്റെ അടിസ്ഥാനം വിശുദ്ധ ഖുർആനും തിരുചര്യകളും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അധ്യാപനങ്ങളുമാണ്. അതിനാൽ നമ്മുടെ നിലപാട് ഇവിടെ വ്യക്തമാക്കേണ്ട ആവശ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചില കാര്യങ്ങൾ ഞാനിന്ന് സ്വരുക്കൂട്ടിയിരിക്കുന്നു. അതിന്ന് നിങ്ങളുടെ മുമ്പാകെ വെക്കാനാണ് ആഗ്രഹിക്കുന്നത്. ഇതുമുഖേന എല്ലാ സംശയങ്ങളും ദൂരീകരിക്കപ്പെടുന്നതായിരിക്കും.

അടിസ്ഥാനപരമായ കാര്യം വിശുദ്ധ ഖുർആനാണ്. ഭരണാധികാരികളെ അനുസരിക്കേണ്ടതിനെക്കുറിച്ചും അവരോട് സഹകരിക്കേണ്ടതിനെക്കുറിച്ചും അത് നൽകുന്ന പാഠമെന്താണ്? ജനകീയ പ്രക്ഷോപം നടക്കുമ്പോൾ ഒരു മുസ്‌ലിം എടുക്കേണ്ട നിലപാടെന്ത്? ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയത്, എന്നീ കാര്യങ്ങൾ പ്രതിപാദിക്കുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

يَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ وَالْبَغْيِ

ആയത്തിന്റെ ഈ ഭാഗം എല്ലാ വെള്ളിയാഴ്ചയും ഖുത്വുബയിൽ നാം കേൾക്കുന്നതാണ്. അതിന്റെ അർത്ഥം ഇപ്രകാരമാണ്. നാനാതരം നീച പ്രവർത്തിയെയും നിഷിദ്ധകർമ്മത്തെയും നിയമലംഘനത്തെയും അവൻ വിലക്കുകയും ചെയ്യുന്നു. (16:91)

ബഗ്‌യ് എന്ന വാക്കിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശദീകരണം നൽകിയിട്ടുണ്ട്. വളരെ കൂടുതൽ വർഷിക്കുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന പേമാരിക്ക് ബഗ്‌യ് എന്ന് പറയും. അതേപോലെ അവകാശം നൽകുന്നതിൽ കുറവ് വരുത്തുന്നതിനെയും നിർബന്ധ കടമയിൽ അമിതത്വം കാണിക്കുന്നതിനെയും ബഗ്‌യ് എന്ന് പറയും. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ മനോഹര ദൃശ്യം നമുക്കിതിൽ കാണാവുന്നതാണ്. ഇതിൽ എല്ലാ വിഭാഗത്തെയും ഉൾപ്പെടുത്തുന്നു. ഇവിടെ ഒരു കൂട്ടരോട് മാത്രം കൽപ്പിച്ചിരിക്കുന്നു എന്ന് പറയാവതല്ല. മറ്റുള്ളവരെ പരിഗണിച്ചിട്ടില്ല എന്നൊന്നും പറയാൻ കഴിയില്ല. ഈ ആയത്തിന്റെ മൊത്തം വിശദീകരണം ഞാനിപ്പോൾ നൽകുന്നില്ല. ബഗാവത്ത് എന്നതിനെക്കുറിച്ച് മാത്രം പ്രതിപാദിക്കാനാണ് ആഗ്രഹിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് നിർബന്ധ ബാധ്യതയിൽ കുറവ് വരുത്തുന്നതും നിർബന്ധ ബാധ്യതയിൽ അമിതത്വം കാണിക്കുന്നതും ബഗ്‌യ് എന്ന ഗണത്തിൽ പെടും. രണ്ട്തരം പ്രവർത്തികളിൽ നിന്നും അല്ലാഹു തടയുന്നു. ഭരണാധികാരിക്കും പൊതുജനത്തിനും കൽപന

നൽകുമ്പോൾ ഇരുവരുടെയും കടമകളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നു. ഭരണാധികാരി തന്റെ കടമാപാലനത്തിൽ കുറവുവരുത്തുകയോ അമിതത്വം കാണിക്കുകയോ ചെയ്യരുത്. അതേപോലെ പൊതുജനങ്ങളും തങ്ങളുടെ കർത്തവ്യ നിർവ്വഹണത്തിൽ കുറവുവരുത്തുകയോ അമിതത്വം കാണിക്കുകയോ ചെയ്യരുത്. ഈ കൽപനക്കെതിരിൽ പ്രവർത്തിക്കുന്നവർ അല്ലാഹുവിന്റെ അതിരുകളെ ലംഘിക്കുന്നവരായിത്തീരും. അല്ലാഹുവിന്റെ കൽപനകളെ ധിക്കരിക്കുന്നവർ അവന്റെ പിടിയിൽ വരുന്നതുമായിരിക്കും. ഇത് അല്ലാഹുവിന്ന് ഇഷ്ടമില്ലാത്ത കാര്യമാണ്.

ഇക്കാലത്ത് ഗവൺമെന്റിനെതിരിൽ പൊതുജനങ്ങൾ രൂക്ഷമായി പ്രതികരിക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പൊതുജനങ്ങൾ എടുക്കേണ്ട നിലപാടിനെക്കുറിച്ചാണ് ഞാനിന്ന് പറയാൻ ആഗ്രഹിക്കുന്നത്. ഇതുസംബന്ധമായി പല ഹദീസുകളുമുണ്ട്. ഭരണാധികാരികളുടെ തെറ്റായ പ്രവർത്തനം ഉണ്ടായിട്ടുകൂടി പൊതുജനങ്ങളോട്, മുഅ്മിനീങ്ങളോട് ക്ഷമ കൈകൊള്ളാനാണ് ഈ ഹദീസുകളിൽ പ്രതിപാദിച്ചിരിക്കുന്നത്. ബുഖാരി കിതാബുൽ ഫിതനിൽ നിന്നെടുത്ത ഒരു ഹദീസാണ് കേൾപ്പിക്കുന്നത്. തിരുനബി (സ) അൻസാറുകളോട് ഇപ്രകാരം പറഞ്ഞു. നിങ്ങൾ എനിക്ക്ശേഷം നിങ്ങൾക്കിഷ്ടമല്ലാത്ത പല പ്രവർത്തികളും കാണുന്നതാണ്. അബ്ദുല്ലാഹ്ബ്നു സൈദ് ബിൻ ആമിർ (റ) പറഞ്ഞു. തിരുനബി (സ) അൻസാറുകളോട് ഇപ്രകാരം കൂടി പറഞ്ഞു. ഹൗളിൽ കൗസറിൽ എന്നെ കണ്ട്മുട്ടുന്നതുവരെ ഈ പ്രവർത്തനത്തിൽ നിങ്ങൾ ക്ഷമ കൈകൊള്ളണം. സൈദ്ബ്നു വഹബ് പറഞ്ഞു. ഞാൻ അബ്ദുല്ലാഹ്ബ്നു മസ്ഊദ് (റ) പറയുന്നതായി കേട്ടു. നബി (സ) ഞങ്ങളോട് പറഞ്ഞു. നിങ്ങളുടെ അവകാശം ധ്വംസിച്ചുകൊണ്ട് മറ്റുള്ളവർക്ക് പരിഗണന നൽകുന്നതായി എനിക്ക്ശേഷം നിങ്ങൾ കാണുന്നതാണ്. നിങ്ങൾക്ക് തീരെ ഇഷ്ടമില്ലാത്ത പലകാര്യങ്ങളും നിങ്ങൾ കാണുന്നതാണ്. ഇത്കേട്ട് സഹാബത്ത് ചോദിച്ചു. യാറസൂലുല്ലാഹ്, ആ സന്ദർഭങ്ങളിൽ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? തിരുനബി (സ) പറഞ്ഞു: അക്കാലത്തെ ഭരണാധികാരികളോടുള്ള കടമകൾ നിങ്ങൾ നിറവേറ്റുക. നിങ്ങളുടെ അവകാശങ്ങൾ അല്ലാഹുവിനോട് ചോദിക്കുക.

മറ്റൊരു ഹദീസിൽ ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) തിരുനബി (സ) യിൽ നിന്നും നിവേദനം ചെയ്യുന്നു. തിരുനബി (സ) പറഞ്ഞു. തന്റെ അമീറിന്റെ ഏതെങ്കിലും പ്രവർത്തി ആർക്കെങ്കിലും അനിഷ്ഠകരമായിത്തോന്നിയാൽ അയാൾ ക്ഷമ കൈകൊള്ളട്ടെ. കാരണം അമീറിന്റെ അനുസരണവൃത്തത്തിൽ നിന്ന് ഒരു ചാൺ അകന്നവൻ ജാഹിലിയ്യത്തിന്റെ മരണമായിരിക്കും വരിക്കുക.

ഉസൈദ്ബ്ന് സുബൈർ (റ) രിവായത്ത് ചെയ്യുന്നു. ഒരാൾ നബി (സ) യുടെ അടുത്തു വന്നു പറഞ്ഞു. യാ റസൂലല്ലാഹ് താങ്കൾ ഇന്നയാളെ ഭരണാധികാരിയായി നിശ്ചയിച്ചിരിക്കുന്നു. എനിക്ക് ഭരണം നൽകിയില്ല. തിരുനബി (സ) പറഞ്ഞു. മറ്റുള്ളവർക്ക് നിങ്ങളെക്കാൾ മുൻഗണന നൽകിയിരിക്കുന്നതായി നിങ്ങൾ കാണുന്നതാണ്. ഖിയാമത്ത് നാളിൽ എന്നെ കണ്ട്മുട്ടുന്നതുവരെ നിങ്ങൾ ക്ഷമ കൈക്കൊള്ളുക.

സൽമാനുബ്ന് യസീദ് അൽജാഫി റസൂൽ (സ) തിരുമേനിയോട് ചോദിച്ചു. യാറസൂലുല്ലാഹ് ഞങ്ങളിൽ നിന്ന് അവകാശങ്ങൾ ചോദിച്ചുവാങ്ങുകയും എന്നാൽ ഞങ്ങളുടെ അവകാശങ്ങൾ നൽകുകയും ചെയ്യാത്ത ഒരു ഭരണാധികാരിയാണ് ഞങ്ങൾക്കുള്ളതെങ്കിൽ ഞങ്ങൾ എന്ത് ചെയ്യണമെന്നാണ് കൽപിക്കുന്നത്. ഈ ചോദ്യംകേട്ട് റസൂൽ (സ) ചോദ്യകർത്താവിൽനിന്നും മുഖം തിരിച്ചുകളഞ്ഞു. അദ്ദേഹം ചോദ്യം വീണ്ടും ആവർത്തിച്ചു. തിരുനബി വീണ്ടും മുഖം തിരിച്ചു. അദ്ദേഹം മൂന്നാം പ്രാവശ്യം ചോദിച്ചു. ഇത് കണ്ടപ്പോൾ അബ്ബാസിബ്നുകൈസ് അദ്ദേഹത്തെ പുറകോട്ട് വലിച്ചു. (തിരുനബിക്ക് ഈ ചോദ്യം ഇഷ്ടപ്പെട്ടിട്ടില്ലാത്തതുകൊണ്ട് മിണ്ടാതിരിക്കാൻ അദ്ദേഹത്തോട് ആഗ്യം കാണിച്ചു) അപ്പോൾ തിരുനബി (സ) അരുളി. അങ്ങനെയുള്ള അവസരങ്ങളിൽ നിങ്ങളുടെ ഭരണാധികാരികളുടെ വാക്കുകൾ കേൾക്കുകയും അവരെ അനുസരിക്കുകയും ചെയ്യുക. അവരിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വത്തെക്കുറിച്ച് അവർ ചോദിക്കപ്പെടുന്നതാണ്. നിങ്ങളിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ച് നിങ്ങളോട് ചോദിക്കുന്നതാണ്.

ജുനൈദ്ബ്നു ഉമയ്യാ (റ) പറയുന്നു. ഞാൻ ഉബാദബ്നുസാബിത്ത് (റ) ന്റെ അടുത്ത് ചെന്നു. അദ്ദേഹം രോഗിയായിക്കിടക്കുകയാണ്. അല്ലാഹു നിങ്ങൾക്ക് സൗഖ്യം നൽകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ചോദിച്ചു. തിരുനബി (സ) യിൽ നിന്നും കേട്ടിട്ടുള്ള ഒരു ഹദീസ് കേൾപ്പിച്ചാലും. അല്ലാഹു ഇതുമുഖേന നിങ്ങൾക്ക് ഫലം നൽകുന്നതാണ്. അദ്ദേഹം പറഞ്ഞു. തിരുനബി (സ) ഞങ്ങളെ വിളിപ്പിച്ചു. ഞങ്ങൾ തിരുനബിയുടെ കൈയ്യിൽ ബൈഅത്ത് ചെയ്തു. സന്തോഷത്തിലും ദുഃഖത്തിലും കഷ്ടപ്പാടിലും ആശ്വാസത്തിലും അവകാശധ്വംസനം നടന്നാലും ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യും എന്ന കാര്യത്തിൽ ബൈഅത്ത് ചെയ്യുകയുണ്ടായി. ആര് ഭരണാധികാരിയായാലും അവരോട് ഞങ്ങൾ തർക്കിക്കില്ല എന്നും ഞങ്ങളിൽ നിന്ന് കരാറ് വാങ്ങി. അവർ പ്രത്യക്ഷമായി കുഫ്റ് ചെയ്യുന്നത് നിങ്ങൾ കാണുകയും അതിനുള്ള സ്പഷ്ടമായ തെളിവ് അല്ലാഹുവിന്റെ പക്കൽ നിന്ന് നിങ്ങളുടെ വശം ഉണ്ടെങ്കിൽ ഒഴികെ.

ഈ ഹദീസുകളിൽ അമീർമാരിൽനിന്നും ഭരണാധികാരികളിൽ നിന്നും അനീതിയും അക്രമവും ഉണ്ടായാൽപോലും അവർക്കെതിരിൽ നിയമലംഘനം നടത്തുവാനുള്ള അവകാശം നിങ്ങൾക്കില്ല എന്ന് നബി (സ) വ്യക്തമാക്കിയിരിക്കുന്നു. ഭരണകൂടത്തിന്നെതിരിലുള്ള പ്രതിഷേധപ്രകടനങ്ങൾ, അക്രമം, വിധ്വംസക പ്രവർത്തനങ്ങൾ, രാജ്യദ്രോഹ നടപടികൾ എന്നിവയെല്ലാം ശരീഅത്തിന് വിരുദ്ധമാണ്.

അവസാനം കേൾപ്പിച്ച ഹദീസിനെ അൽപം വിശദീകരിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെ അവസാന വാക്കുകൾ ഇപ്രകാരമാണ്, തിരുനബി (സ) ഞങ്ങളിൽ നിന്നും എടുത്ത് കരാറുകളിൽ ഒന്ന് ഇതാണ്. ആരെങ്കിലും ഭരണാധികാരിയായ്ക്കഴിഞ്ഞാൽ അവരോട് തർക്കിക്കുകയില്ല. അവർ പ്രത്യക്ഷ രീതിയിൽ കുഫ്റ് ചെയ്യുന്നതായി കാണുകയാണെങ്കിലൊഴികെ. അത് കുഫ്റാണെന്നതിന് അല്ലാഹുവിന്റെ പക്കൽനിന്നുള്ള വ്യക്തമായ തെളിവും ഉണ്ടായിരിക്കേണ്ടതാണ്.

ഹദീസിന്റെ ഈ അവസാന വാക്കുകൾ പിടിച്ചുകൊണ്ടാണ് ചില വഹാബികളും സലഫികളും തീവ്രവാദ സംഘടനകളും തന്നെ പറയുന്നത് ഭരണാധികാരികളിൽ നിന്നും വ്യക്തമായ കുഫ്റ് പ്രകടമാകാത്തിടത്തോളം അവരോട് പോരാടാൻ പാടില്ല എന്ന്. ഇനി ഭരണാധികാരിയിൽ നിന്നും വ്യക്തമായ കുഫ്റ് പ്രകടമായിക്കഴിഞ്ഞാൽ അതിൽനിന്നും അദ്ദേഹത്തെ മോചിപ്പിക്കേണ്ടതും അദ്ദേഹത്തിൽനിന്നും അധികാരം പിടിച്ചെടുക്കാൻ പോരാടേണ്ടതും നിർബന്ധമാണെന്ന് ചിലർ ധരിച്ചുവെച്ചിരിക്കുന്നു. തീവ്രവാദിസംഘടനകൾ ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ ഭരണകൂടത്തിന്നെതിരിൽ പ്രക്ഷോപം നടത്തുന്നതിനെ ന്യായീകരിക്കുന്നു. അവർ തങ്ങളുടെ ഫത്വകൾ ശക്തിപ്പെടുത്താൻവേണ്ടി പലതും കൊണ്ടുവരുന്നു. ഒരു കൂട്ടർ പറയുന്നു, നാം കാഫിറാക്കിയവരെ കാഫിറാണെന്ന് മനസ്സിലാക്കാത്തവരും കാഫിറാണ്. കാഫിറിനെ കാഫിറായി മനസ്സിലാക്കാത്തവർ കാഫിറാണ്. ഈ പ്രവണത പിന്നീട് നീണ്ടുകൊണ്ടിരിക്കും. ഈ ഹദീസിന്റെ ചുരുക്കം ഏതവസ്ഥയിലും നിങ്ങൾ അനുസരിക്കുക എന്നതാണ്. ഇനി പ്രകടമായി കുഫ്റ് ചെയ്യുകയോ നിങ്ങളെ കുഫ്റിനെ പ്രേരിപ്പിക്കുകയോ ചെയ്യുകയാണെങ്കിലൊഴികെ. മറ്റെല്ലാ കാര്യങ്ങളിലും അവരെ അനുസരിക്കേണ്ടതാണ്. പ്രകടമായ കുഫ്റ് ചെയ്താൽ പോലും

നിയലംഘനത്തിന് അനുവാദമില്ല. കുഫ്റ് കണ്ടാൽ നിയമലംഘനം നടത്തുക എന്നത് മറ്റുള്ളവരുടെ കാഴ്ചപ്പാടാണ്. അഹ്മദികളുടെ വീക്ഷണമല്ല. പ്രകടമായ കുഫ്റ് കാണുകയാണെങ്കിൽ എങ്ങിനെയാണ് പ്രതികരിക്കേണ്ടതെന്ന് ജമാഅത്തിൽ ഉദാഹരണം കാണാവുന്നതാണ്. പാകിസ്ഥാനിലും മറ്റു ചില നാടുകളിലും അഹ്മദികളോട് പറയപ്പെടുന്നത് നിങ്ങൾ സ്വയം മുസ്‌ലിമാണെന്ന് പറയരുതെന്നാണ്. ഇത് അംഗീകരിക്കാൻ ഞങ്ങൾ തയ്യാറല്ല. ഞങ്ങൾ സ്വയം മുസ്‌ലിം എന്ന് പറയുന്നതാണ്. കലിമ ചൊല്ലരുതെന്ന് പറയുന്നു. എന്നാൽ കലിമ ഞങ്ങൾ ചൊല്ലുന്നതാണ്. പരസ്പരം സലാം ചൊല്ലരുതെന്നും വിശുദ്ധ ഖുർആൻ പാരായണം ചെയ്യരുതെന്നും പറയുന്നു. പക്ഷെ ഇതെല്ലാം മതപരമായ കാര്യമായതുകൊണ്ട് ഹദീസിൽ പറഞ്ഞ പ്രകാരം അനുസരിക്കേണ്ട ആവശ്യമില്ല. എന്നാലും ഇവിടെ ബഗാവത്ത് ചെയ്യാറില്ല. രാജ്യദ്രോഹപ്രവർത്തനങ്ങൽ ചെയ്യാറില്ല. അല്ലാഹവും അല്ലാഹുവിന്റെ റസൂലും പറഞ്ഞതിന്നെതിരിലായതുകൊണ്ട് ഞങ്ങൾ അംഗീകരിക്കാൻ തയ്യാറല്ല. എന്നാൽ നാട്ടിലെ മറ്റ് നിയമങ്ങൾ ഇങ്ങിനെയുള്ള നിയമങ്ങളെല്ലാം ഉണ്ടായിട്ടുകൂടി അഹ്മദികൾ പൂർണ്ണമായും അനുസരിക്കുന്നു. ഞങ്ങളുടെ ഇതേ വീക്ഷണമുള്ള ആദ്യകാല ഇമാമുകളിൽ ഒരാളാണ് ഇമാം അന്നവവി. ഈ ഹദീസിന്റെ ശറഹിൽ ഇതുസംബന്ധമായി എഴുതുന്നു. കുഫ്റ് ബവാഹ് എന്നാൽ പ്രത്യക്ഷമായ കുഫ്റാണ് ഉദ്ദേശിക്കുന്നത്. ഈ ഹദീസിൽ കുഫ്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തിന്മയാണ്. ഈ ഹദീസിന്റെ അർത്ഥം, ഗവൺമെന്റിന്റെ കീഴിൽ നിന്ന്കൊണ്ട് ഭരണാധികാരികളോട് നിങ്ങൾ പോരാടരുത്, അവരെ ആക്ഷേപിക്കയുമരുത്. എന്നാൽ വ്യക്തവും സ്ഥിരീകരിക്കപ്പെട്ടതുമായ കുഫ്റ് നിങ്ങൾ കണ്ടാൽ ഒഴികെ. ഇത് തെറ്റാണെന്ന് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും സ്ഥിരപ്പെട്ടതായിരിക്കണം. അങ്ങിനെയുള്ള കാര്യം അവരിൽ കാണുകയാണെങ്കിൽ അക്കാര്യത്തിൽ അവരോട് പ്രതിഷേധം പ്രകടിപ്പിക്കുക. നിങ്ങൾ എവിടെയാണെങ്കിലും സത്യം തുറന്ന് പറയുക. എന്നാൽ അങ്ങനെയുള്ള ഭരണാധികാരികൾക്കെതിരിൽ നിയമലംഘനം നടത്തുകയോ അവരോട് പോരാടുകയോ ചെയ്യുക എന്നത് മുസ്‌ലിംകളുടെ പൊതു തീരുമാനമനുസരിച്ച് ഹറാമാകുന്നു. അങ്ങനെയുള്ള ഭരണാധികാരികൾ തെമ്മാടിയും ദുർനടപ്പുകാരനുമാണെങ്കിലും ശരി. ഈ ഹദീസിന് ഞാൻ നൽകിയിരിക്കുന്ന അർത്ഥത്തെ മറ്റു ഹദീസുകൾ പിൻതാങ്ങുന്നുണ്ട്.

ഫിസ്ഖ് (ആജ്ഞാ ലംഘനം) മൂലം ഭരണാധികാരികളെ സ്ഥാനഭ്രഷ്ഠനാക്കുക എന്നത് ശരിയല്ല എന്ന തീരുമാനം അഹ്‌ലെ സുന്നത്ത് ഐക്യകണ്ഢേന എടുത്തിട്ടുള്ളതാണ്. ഫാസിഖും അക്രമിയുമായ ഭരണാധികാരികളെ സ്ഥാനഭ്രഷ്ഠനാക്കരുതെന്നും അവർക്കെതിരിൽ യുദ്ധം ചെയ്യരുതെന്നും പറയാനുള്ള കാരണം ഉലമാക്കൾ പറയുന്നത്, ഇങ്ങനെ ചെയ്താൽ ഫിത്ന വർദ്ധിക്കുകയും രക്തച്ചൊരിച്ചിൽ ഉണ്ടാകുകയും പരസ്പരം കുഴപ്പം ഉണ്ടാകുകയും ചെയ്യും എന്നതുകൊണ്ടാണ്. ഫാസിക്കുകളും അക്രമികളുമായ ഭരണാധികാരികൾ നിലനിൽക്കുന്നത്കൊണ്ട് ഉണ്ടാകുന്ന കുഴപ്പം അവരെ സ്ഥാനഭ്രഷ്ഠനാക്കാനായി പരിശ്രമിക്കുമ്പോഴുണ്ടാകുന്ന കുഴപ്പത്തെക്കാൾ തുലോം കുറവായിരിക്കും. ഈ വാക്കുകൾ തികച്ചും ശരിയാണെന്ന് ഇന്നത്തെ സംഭവങ്ങൾ നമ്മുടെ മുമ്പാകെ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഇരുഭാഗത്ത് നിന്നും യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. എത്രയോ ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മുസ്‌ലിംകൾ മുസ്‌ലിംകളെത്തന്നെ കൊന്നൊടുക്കുന്നു.

ബുഖാരിയിലുള്ള ഒരു ഹദീസാണ് ഇനി കേൾപ്പിക്കുന്നത്. റസൂൽ (സ) ഇപ്രകാരം അരുളി; അല്ലാഹുവിന്റെ അതിരുകളെ പാലിക്കുന്നതിൽ അലസത കാണിക്കുന്നവരുടെയും അല്ലാഹുവിന്റെ അതിരുകളിൽ കമിഴ്ന്ന് വീഴുന്നവരുടെയും ഉദാഹരണം കപ്പലിന്റെ കാര്യത്തിൽ നറുക്കിട്ട സമൂഹം പോലെയാണ്. ഇതുകാരണം ചിലർക്ക് കപ്പലിലെ മുകൾ ഭാഗം ലഭിച്ചു. ചിലർക്ക് കപ്പലിലെ താഴ്ഭാഗവും ലഭിച്ചു. കപ്പലിലെ താഴെയുള്ളവർ മുകളിൽ പോയി വെള്ളമെടുത്തുകൊണ്ട് അവരിലൂടെ കടന്നുപോകുമ്പോൾ മുകളിലുള്ളവർക്ക് പ്രയാസം നേരിട്ടുകൊണ്ടിരുന്നു. ഇതുകാരണം താഴെയുള്ളവരിൽ ഒരാൾ മഴുവെടുത്ത് കപ്പലിന്റെ താഴ്ഭാഗത്ത് ഒരു ദ്വാരമുണ്ടാക്കി. ഇതുകണ്ട് മുകളിലുള്ളവർ അദ്ദേഹത്തിന്റെ അടുത്ത് വന്നുകൊണ്ട് ചോദിച്ചു. അല്ലാ, നിനക്കെന്തുപറ്റി? അദ്ദേഹം പറഞ്ഞു. ഞങ്ങൾ വെള്ളമെടുക്കാൻ മുകളിലേക്ക് വരുമ്പോൾ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നുണ്ടല്ലോ. വെള്ളമില്ലാതെ എനിക്കാണെങ്കിൽ ജീവിക്കാൻ കഴിയില്ല. മുകളിലുള്ളവർ ഇദ്ദേഹത്തിന്റെ കൈ തടയുകയാണെങ്കിൽ അവരെല്ലാം മുങ്ങുന്നതിൽ നിന്നും രക്ഷപ്പെടുന്നതാണ്. ഇനി അവർ അയാളെ തടയാതെ വിടുകയും താഴെ തട്ടിൽ ദ്വാരമുണ്ടാക്കാൻ അനുവദിക്കുകയുമാണെങ്കിൽ അയാളെ നാശത്തിലേക്ക് വിടുന്നതോടൊപ്പം അവരും നശിക്കുന്നതാണ്.

ഈ ഹദീസിൽ നിന്നും ചിലർ എടുക്കുന്ന നിഗമനം പൊതുജനങ്ങൾ വല്ല തിന്മയും തെറ്റും ചെയ്യുകയാണെങ്കിൽ അവരെ തടയുന്നത് ശരിയല്ലെന്നാണ്. ഇതുകാരണം പരസ്പരം കുഴപ്പം ഉണ്ടാകുന്നതാണെന്നാണ്. ഇനി ഇതുകൊണ്ട് അർത്ഥമാക്കുന്നത് ഗവൺമെന്റിനെതിരിലുള്ള പോരാട്ടമാണെങ്കിൽ റസൂൽ തിരുമേനി (സ) യുടെ വ്യക്തമായ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമായിരിക്കും. ഹദീസ് ഇപ്രകാരമാണ്. വഞ്ചിയിലുള്ളവർ ദ്വാരമുണ്ടാക്കുന്നവന്റെ കൈ തടഞ്ഞാൽ ആ വ്യക്തിയെ മുങ്ങുന്നതിൽ നിന്നും രക്ഷിക്കുന്നവരായിരിക്കും, അവരും രക്ഷപ്പെടുന്നതാണ്. ഇനി അയാളെ ദ്വാരമുണ്ടാക്കുന്നതിനായി വിടുകയാണെങ്കിൽ ആ വ്യക്തി സ്വയം മുങ്ങുന്നതോടൊപ്പം മറ്റെല്ലാവരും മുങ്ങുന്നതാണ്. സ്വയം നശിക്കുന്നതോടൊപ്പം മറ്റുള്ളവരുടെ നാശത്തിനും കാരണമായിത്തീരുന്നതാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് എവിടെയെങ്കിലും കുഴപ്പമുണ്ടാകുന്നതായി കണ്ടാൽ അതിനെ തടയുക എന്നത് അനുവദനീയമാണെന്നാണ്. ഭരണകൂടങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിൽ ഈ രീതി ശരിയല്ലെന്ന് മറ്റു ഹദീസുകൾ തെളിയിക്കുന്നുണ്ട്.

ഇതിനെ ബലപ്പെടുത്തുന്നതിനായി തിരുനബി (സ) ന്റെ മറ്റൊരു ഹദീസ് കൂടി കേൾപ്പിക്കാറുണ്ട്. ഇതിൽ നിന്നും അനുമാനിക്കാറുള്ളത്, തിരുനബി (സ) കർശന നടപടി എടുക്കാൻ പറഞ്ഞിട്ടുണ്ടെന്നാണ്. വിശുദ്ധ ഖുർആന്നെതിരിൽ ഉള്ള ഒരു കാര്യവും തന്നെ തിരുനബി (സ) പറയില്ല. അതുകൊണ്ട് ഹദീസുകളെ മനസ്സിലാക്കുന്ന കാര്യത്തിൽ ജനങ്ങൾക്ക് അബദ്ധം പിണഞ്ഞിരിക്കുന്നു എന്നാണ് മനസ്സിലാകുന്നത്. അബൂസഈദ് ഖുദ്‌രി (റ) രിവായത്ത് ചെയ്യുന്നു. ഞാൻ തിരുനബി (സ) പറയുന്നതായി കേട്ടു. നിങ്ങളിൽ ആരെങ്കിലും അനിഷ്ടകരമായ പ്രവർത്തി കാണുകയാണെങ്കിൽ അതിനെ തന്റെ കൈകൊണ്ട് തടയുക. അതിനുള്ള കഴിവില്ലെങ്കിൽ തന്റെ നാവുകൊണ്ട് അതിനെ തടയുക. അതിനും കഴിയില്ലെങ്കിൽ ഹൃദയംകൊണ്ട് വെറുക്കുക. ഇത് ഏറ്റവും ബലഹീനമായ വിശ്വാസമാണ്.

ഇമാം മുല്ലാ അലിയുൽഖാരി എഴുതുന്നു. നമ്മുടെ ചില പണ്ഢിതർ പറയുന്നത് അനിഷ്ടകകരമായ പ്രവർത്തി കൈകൊണ്ട് തടയണം എന്ന് പറഞ്ഞത് ഭരണാധികാരികളുമായി ബന്ധപ്പെട്ടതാണ്. തടയേണ്ടത് അവരാണ്. നാവുകൊണ്ട് തടയാൻ പറഞ്ഞത് പണ്ഢിതരോടാണ്. ഹൃദയത്തിൽ അതിനെ വെറുക്കാൻ പറഞ്ഞത് സാധാരണക്കാരായ വിശ്വാസികളോടാണ്.

മുകളിലെ ഹദീസിന്റെ യഥാർത്ഥ വ്യാഖ്യാനം ഇതുതന്നെയാണ്. മൂന്ന് കാര്യങ്ങളുണ്ട്. മൂന്ന് വ്യത്യസ്ഥ ശ്രേണിയിലുള്ളവർക്കാണ്

ബാധകമായിട്ടുള്ളത്. കപ്പലിനെ മുങ്ങുന്നതിൽ നിന്നും തടയേണ്ടത് അതിനെ സംരക്ഷിക്കാൻ ചുമതലപ്പെടുത്തിയവരാണ്. ഓരോരുത്തരും തടയാൻ ശ്രമിച്ചാൽ ആകെ കുഴപ്പമായിരിക്കും ഉണ്ടാകുക. ഫസാദിനെക്കുറിച്ചും സമാധാനഭംഗമുണ്ടാകുന്നതിനെക്കുറിച്ചും അല്ലാഹു പറയുന്നു. **വല്ലാഹു ലാ യുഹിബ്ബുൽ ഫസാദ്** സൂറത്തുൽ ബഖറയിലെ ഇരുനൂറ്റി ആറാം ആയത്താണിത്. അല്ലാഹു ഫസാദിനെ ഇഷ്ടപ്പെടുന്നില്ല. പൊതുജനങ്ങൾക്ക് ഭരണാധികാരികളുടെ ഏതെങ്കിലും കാര്യത്തിൽ അനിഷ്ടമുണ്ടെങ്കിൽ, ഭരണത്തിനെതിരെ തിരിയുകയും രാജ്യത്ത് അരാജകത്വം ഉണ്ടാക്കുകയും വിധ്വംസക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുകയാണെങ്കിൽ, കൊള്ളയും കൊലയും നടത്തുകയാണെങ്കിൽ ഇതെല്ലാം ശരീഅത്തിന്റെ വ്യക്തമായ നിർദേശത്തിന്ന് എതിരാണ്.

ഇതുസംബന്ധമായി വിശുദ്ധ ഖുർആന്റെ കൽപന നേരത്തെ ഞാൻ കേൾപ്പിച്ചിട്ടുള്ളതാണ്. يَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ وَالْبَغْيِ

നിലവിലുള്ള ഗവൺമെന്റുകളെ അനുസരിക്കുന്ന കാര്യത്തിൽ പ്രവാചകന്മാരുടെ മാതൃക ഏതു രീതിയിലായിരുന്നു എന്ന് നമുക്ക് നോക്കാം. ഒരുലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാർ ലോകത്ത് വന്നെന്നാണ് ഒരു ഹദീസിൽ കാണുന്നത്. വിശുദ്ധ ഖുർആനിൽ പത്തിരുപത്തഞ്ച് പ്രവാചകന്മാരുടെ ചരിത്രമാണ് എടുത്ത് പറഞ്ഞിട്ടുളളത്. എന്നാൽ ഏതെങ്കിലും പ്രവാചകനെക്കുറിച്ച് അവർ ഭൗതികകാര്യങ്ങളിൽ നിലവിലുണ്ടായിരുന്ന ഭരണാധികാരികൾക്കെതിരിൽ നിയമലംഘനം നടത്തിയതായി പരാമർശിച്ചുകാണുന്നില്ല. അതല്ലെങ്കിൽ തന്റെ അനുയായികളുമായി ചേർന്നുകൊണ്ട് അവർക്കെതിരിൽ പ്രക്ഷേപങ്ങൾ നടത്തിയതായും കാണുന്നില്ല. വല്ല വിധ്വംസക പ്രവർത്തനങ്ങൾ നടത്തിയതായും ഇല്ല. ദീനീപരമായ കാര്യത്തിൽ ഓരോ പ്രവാചകന്മാരും അന്നുള്ള ഭരണാധികാരികൾക്ക് മുമ്പിൽ കാര്യങ്ങൾ തുറന്ന് പറഞ്ഞിരുന്നു. തെറ്റായ വിശ്വാസത്തെ നിഷേധിക്കുകയും ശരിയായ വിശ്വാസത്തെ ശക്തമായ രീതിയിൽ അവരുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തു. ഹദ്റത്ത് യൂസുഫ് (അ) ന്റെ ഉദാഹരണം നമുക്കെടുക്കാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വും ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉം ഖലീഫത്തുൽ മസീഹ് സാനി (റ) വും എല്ലാം ഇതു പരാമർശിച്ചിട്ടുണ്ട്. ഈ സൂറത്തിന്റെ തുടക്കത്തിൽ അല്ലാഹു പറയുന്നു,

نَحْنُ نَقُصُّ عَلَيْكَ اَحْسَنَ الْقَصَصِ بِمَآ اَوْحَيْنَآ اِلَيْكَ

هٰذَا الْقُرْاٰنَ ۖ وَاِنْ كُنْتَ مِنْ قَبْلِهٖ لَمِنَ الْغٰفِلِيْنَ ۝٤

ഈ ഖുർആൻ നാം നിനക്ക് അവതരിപ്പിക്കുക വഴി നാം നിനക്ക് ഏറ്റവും നല്ല കഥാവിവരണം നൽകുന്നു. വാസ്തവത്തിൽ ഇതിനുമുമ്പ് നീ ഇതിനെക്കുറിച്ച് അറിവില്ലാത്തവരിൽ പെട്ടവനായിരുന്നു.

എന്താണ് വിശുദ്ധ ഖുർആനിലുള്ള മുമ്പുള്ള ചരിത്ര യാഥാർത്ഥ്യങ്ങൾ. സൂറാ യൂസുഫിൽ ഹദ്റത്ത് യൂസുഫ് (അ) മുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. അതിന്റെ ചുരുക്കം ഇതാണ്. യൂസുഫ് (അ) മിസ്‌രിലെ കാഫിറായ രാജാവിന്റെ കാബിനറ്റിൽ ധനകാര്യമന്ത്രിയായി നിയമിക്കപ്പെടുകയുണ്ടായി. യൂസുഫ് (അ) തന്നോട് ആത്മാർത്ഥത പുലർത്തുന്ന വ്യക്തിയല്ലെന്ന് രാജാവിന്ന് സംശയമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം നഊദുബില്ലാ, കാപട്യത്തോടെ തന്നെ അനുസരിക്കുകയാണെന്ന് ചിന്ത ഉണ്ടായിരുന്നുവെങ്കിൽ ഒരിക്കലും അദ്ദേഹം തന്റെ കാബിനറ്റിൽ അദ്ദേഹത്തെ ഉൾപ്പെടുത്തുമായിരുന്നില്ല. മിസ്‌രിലെ രാജാവിനോട് ഹദ്റത്ത് യൂസുഫ് (അ) ന് അദ്ദേഹം ഹൃദയത്തിൽ വെറുപ്പ് വെച്ചുപുലർത്തിയിരുന്നുവെന്നും ബാഹ്യ നിലയിൽ കാപട്യം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹത്തെ അനുസരിക്കുകയാണെന്നും ചിന്തിക്കാൻപോലും നമുക്ക് പറ്റില്ല. അല്ലാഹു പറയുന്നു.

كَذٰلِكَ كِدْنَا لِيُوْسُفَ ۖ مَا كَانَ لِيَاْخُذَ

اَخَاهُ فِيْ دِيْنِ الْمَلِكِ اِلَّآ اَنْ يَّشَآءَ اللّٰهُ

ഇങ്ങനെ യൂസുഫിന് വേണ്ടി നാമൊരു തന്ത്രം മെനഞ്ഞു. തന്റെ സഹോദരനെ ഈ ഭരണത്തിൻ കീഴിൽ തന്റെ അടുത്ത് നിർത്താൻ അദ്ദേഹത്തിന്ന് കഴിയില്ലായിരുന്നു. അല്ലാഹു ഉദ്ദേശിച്ചാലൊഴികെ.

മിസ്‌റിലെ രാജാവിന്റെ നിയമമനുസരിച്ച് ഹദ്റത്ത് യൂസുഫ് (അ) ന് തന്റെ യഥാർത്ഥ സഹോദരനെ ഈ നാട്ടിൽ തടഞ്ഞുവെക്കാനുള്ള അനുവാദം ഉണ്ടായിരുന്നില്ല. അതുകൊണ്ട് അല്ലാഹു ഇവിടെ ഒരു തന്ത്രം പ്രയോഗിക്കുകയാണ് ചെയ്തത്. ഹദ്റത്ത് യൂസുഫ് (അ) അബദ്ധത്തിൽ കൊട്ടാരത്തിലെ അളവുപാത്രം തന്റെ സഹോദരന്റെ സഞ്ചിയിൽ വെച്ചുപോയി. പിന്നീട് പാത്രം കാണാതായപ്പോൾ പരിശോധന നടത്തുകയും അവസാനം തന്റെ സഹോദരന്റെ സഞ്ചിയിൽ നിന്ന് അത് വീണ്ടെടുക്കുകയും ചെയ്തു. ഈ സംഭവത്തിൽ നിന്നും മനസ്സിലാകുന്നത് ഹദ്റത്ത് യൂസുഫ് (അ) മിസ്‌റിലെ കാഫിറും മുശ്‌രിഖുമായ രാജാവിന്റെ നിയമത്തെ പാലിക്കാൻ നിർബന്ധമായി മനസ്സിലാക്കിയിരുന്നു എന്നാണ്. ഭൗതിക കാര്യങ്ങളിൽ കാഫിറായ ഭരണാധികാരിയെ അംഗീകരിക്കുന്നതോടൊപ്പം മതകാര്യങ്ങളിൽ അദ്ദേഹത്തിന്റെ കൽപനകളേയും നിർദ്ദേശങ്ങളെയും അനുസരിക്കാറുണ്ടായിരുന്നില്ല. വിശുദ്ധ ഖുർആനിൽ ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു.

يٰٓاَيُّهَا الَّذِيْنَ اٰمَنُوْٓا اَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ وَاُولِي الْاَمْرِ

مِنْكُمْ ۚ فَاِنْ تَنَازَعْتُمْ فِيْ شَيْءٍ فَرُدُّوْهُ اِلَى اللّٰهِ وَالرَّسُوْلِ

اِنْ كُنْتُمْ تُؤْمِنُوْنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ ۭ ذٰلِكَ خَيْرٌ وَّاَحْسَنُ تَاْوِيْلًا ۝٦٠

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. അല്ലാഹുവിനെയും അവന്റെ റസൂലിനെയും നിങ്ങളുടെ ഭരണാധികാരികളെയും അനുസരിക്കുക. (ശഹാദത്തുൽ ഖുർആൻ) മറ്റൊരു സ്ഥലത്ത് പറയുന്നു. മുസ്‌ലീംകളെ ഏതെങ്കിലും കാര്യത്തിൽ നിങ്ങൾക്കിടയിൽ വല്ല അഭിപ്രായ ഭിന്നതയും വരികയാണെങ്കിൽ ഇതിന്റെ തീരുമാനത്തിനായി അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഏൽപ്പിക്കുക. നിങ്ങൾ അല്ലാഹുവിലും ആഖിറത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ. ഇതാണ് ഏറ്റവും ഉത്തമമായ പ്രവർത്തി. ഏറ്റവും നല്ല ഗുണപര്യവസായിയും. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടായാൽ അതിനുള്ള തീരുമാനത്തിനായി ആ കാര്യം അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും തിരിക്കുക. അല്ലാഹുവിനേയും അവന്റെ റസൂലിനെയും വിധികർത്താവായി സ്വീകരിക്കുക. മറ്റൊന്നിനെയും വിധികർത്താവായി സ്വീകരിക്കാതിരിക്കുക. അല്ലാഹുവിന്റെയും റസൂലിന്റെയും തീരുമാനം നേരത്തെ പറഞ്ഞതുപോലെ ഏതു പരിതസ്ഥിതിയിലും നിയമലംഘനം നടത്താതിരിക്കുക എന്നതാണ്. കുഫ്‌റിന്റെ കാര്യം കാണുകയും കുഫ്‌റിന്നായി കൽപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അതിനെമാത്രം അനുസരിക്കാതിരിക്കുക. മറ്റു കാര്യങ്ങളിൽ അനുസരിക്കുക. എന്നാലും രാജ്യദ്രോഹ പ്രവർത്തനത്തിന് അനുവാദമില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു.

يٰٓاَيُّهَا الَّذِيْنَ اٰمَنُوْٓا اَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ وَاُولِي الْاَمْرِ مِنْكُمْ

എന്നാണ് വിശുദ്ധ ഖുർആനിലുള്ള കൽപന ഇവിടെ ഉലുൽ അമ്‌റിനെ അനുസരിക്കാൻ കൂടെത്തന്നെ പറഞ്ഞിരിക്കുന്നു. ഗവൺമെന്റ് മിൻകും നിങ്ങളിൽ പെട്ടവർ എന്നതിൽ ഉൾപ്പെടുന്നില്ലെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ ഇത് അവരുടെ തെറ്റാണ്. ശരീഅത്തനുസരിച്ച് പറയുന്ന

ഗവൺമെന്റ് മിൻകും എന്ന ഗണത്തിൽ ഉൾപ്പെടുന്നതാണ്. നമ്മെ എതിർക്കാത്തവർ നമ്മിൽ പെട്ടവരാണ്. സൂചനാരൂപത്തിൽ വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നത് ഗവൺമെന്റിനെ അനുസരിക്കേണമെന്നാണ്. അവരുടെ കാര്യങ്ങൾ അംഗീകരിക്കേണ്ടതാണ്. ഭരണാധികാരി അക്രമിയാണെങ്കിൽതന്നെ അദ്ദേഹത്തെ ആക്ഷേപിച്ചുകൊണ്ട് നടക്കരുത്. സ്വന്തം അവസ്ഥ ശരിയാക്കുകയാണ് വേണ്ടത്. ഒന്നെങ്കിൽ അല്ലാഹു അയാളെ മാറ്റി മറ്റൊരാളെ കൊണ്ടുവരികയോ അയാളെത്തന്നെ നല്ലവനാക്കുകയോ ചെയ്തേക്കാം. നമുക്ക് വരുന്ന പ്രയാസങ്ങൾ നമ്മുടെ തന്നെ ദുഷ്കർമ്മത്തിന്റെ കാരണമായാണ് വരുന്നത്. എപ്പോഴും വിശ്വാസിയോടൊപ്പം അല്ലാഹുവിന്റെ സഹായം ഉണ്ടാകും. വിശ്വാസിക്ക് വേണ്ടി അല്ലാഹു സ്വയം അനുകൂല സാഹചര്യങ്ങൾ ഉണ്ടാക്കുന്നതാണ്. നിങ്ങളെല്ലാ നിലക്കും നന്മയുടെ പ്രതീകങ്ങളായി മാറുകയും അല്ലാഹുവിന്റെ കടമകൾ ലംഘിക്കാതിരിക്കുകയും സൃഷ്ടികളുടെ കടമകളും ലംഘിക്കാതിരിക്കുകയും ചെയ്യുക എന്നെല്ലാമാണ് എന്റെ ഉപദേശം.

ഈ നന്മയുടെ മാതൃകകളാണ് അഹ്മദികൾ സ്ഥാപിച്ചുകാണിക്കേണ്ടത്. അഹ്മദികൾതന്നെയാണ് ഇത് സ്ഥാപിച്ചുകാണിക്കേണ്ടത്. ഉലിൽ അംറിമിൻകും എന്നതുകൊണ്ട് മുസ്‌ലിം ഭരണാധികാരികൾ മാത്രമല്ലെന്ന് വിശദീകരിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു.

ചിലർ തെറ്റായ രീതിയിൽ മനസ്സിലാക്കിയിട്ടുള്ളത് ഇത് മുസ്‌ലിം ഭരണാധികാരികളെ മാത്രം അനുസരിക്കുന്നതിനെക്കുറിച്ചാണെന്നാണ്. എന്നാൽ വിശുദ്ധ ഖുർആന്റെ അടിസ്ഥാന തത്വത്തിനെതിരാണിത്. ഇവിടെ മിൻകും എന്ന വാദം ഉണ്ടെന്നത് ശരിതന്നെ. എന്നാൽ ഇവിടെ മിൻകും എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നിങ്ങളുടെ മതത്തിൽപെട്ട ആൾ എന്ന അർത്ഥത്തിലല്ല. ഇതിന്റെ വിവക്ഷ നിങ്ങളിൽ നിന്ന് ആരെ ഭരണാധികാരിയായി നിയമിക്കപ്പെട്ടിരിക്കുന്നുവോ അവർ എന്നാണ്. മിൻകും വിശുദ്ധ ഖുർആനിൽ ഈ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. കുഫ്ഫാറുകളെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. **അലം യഅ്തീകും റുസുലുൻ മിൻകും.** ഇവിടെ മിൻകും എന്ന പദമുണ്ട്. ഇത് ഒരേ മതവിശ്വാസം എന്ന് അർത്ഥം നൽകുകയാണെങ്കിൽ നഊദുബില്ലാഹ് റസൂലിന് കുഫ്ഫാറുകളുടെ അതേ മതവിശ്വാസം ഉണ്ടായിരുന്നു എന്ന് കരുതേണ്ടതായി വരും. അതിനാൽ മിൻകും എന്നത് ഒരേ മതവിശ്വാസമുള്ളവരെ മാത്രം ഉദ്ദേശിച്ചു പറഞ്ഞതായിരിക്കണമെന്നില്ല. ഇത് മറ്റർത്ഥങ്ങളിലും ഉപയോഗിക്കപ്പെടുന്നുണ്ട്. ഇവിടെ ഇതിന്റെ അർത്ഥം നിങ്ങളുടെ നാട്ടിലെ ഭരണാധികാരി എന്നാണ്. മറ്റു ഭരണാധികാരികളെ അനുസരിക്കാനല്ല പറഞ്ഞത്. നിങ്ങളുടെ ഭരണാധികാരികളെ അനുസരിക്കുക.

فَإِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللّٰهِ وَالرَّسُولِ

ഇതിന്റെ വിവക്ഷ ഖുർആന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ തീരുമാനം കൽപ്പിക്കുക എന്നല്ല. ഭരണാധികാരികളുമായി വല്ല കാര്യത്തിലും അഭിപ്രായഭിന്നത വന്നാൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപനകളിലേക്ക് അവയെ മടക്കുക. അതിലുള്ള കൽപന ഇവയാണ്. ഭരണകൂടത്തിന്റെ തെറ്റുകൾ ജനങ്ങൾ അവരെ ധരിപ്പിക്കുക. അവർ അംഗീകരിക്കുന്നില്ലെങ്കിൽ കാര്യങ്ങൾ എല്ലാം അല്ലാഹുവിലേക്ക് വിടുക. അവൻ സ്വയം തീരുമാനമെടുക്കുന്നതാണ്. അക്രമിക്കുള്ള ശിക്ഷ അല്ലാഹു നൽകുന്നതാണ്.

ഹദ്റത്ത് യൂസുഫ് (അ) ന്റെ സംഭവം ഞാൻ വിവരിച്ചിരുന്നു. ഖലീഫത്തുൽ മസീഹ് സാനി (റ) വിവരിക്കുന്നു. വിശുദ്ധ ഖുർആനിൽ ഹദ്റത്ത് യൂസുഫ് (അ) ന്റെ സംഭവം വിവരിച്ചിട്ടുണ്ട്. അത് തെളിയിക്കുന്നത് ഭരണാധികാരി ഏതു മതവിശ്വാസിയാണെങ്കിലും അവരെ അനുസരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ കൽപനകൾ ഭരണകൂടം നടപ്പിൽ വരുത്തേണ്ട വ്യക്തമായ ശരീഅത്ത് കൽപനകൾക്ക് വിരുദ്ധമാണെങ്കിലും അനുസരിക്കേണ്ടതാണ്. ഹദ്റത്ത് യൂസുഫ് (അ) നെക്കുറിച്ച് അല്ലാഹു പറയുന്നു. അദ്ദേഹത്തിന്റെ ചെറിയ സഹോദരനെ മറ്റു സഹോദരന്മാർ കൊണ്ടുവന്നപ്പോൾ ആ നാട്ടിലെ നിയമപ്രകാരം അദ്ദേഹത്തെ യൂസുഫ് (അ) ന് തടഞ്ഞു നിർത്താൻ അനുവാദമുണ്ടായിരുന്നില്ല. അത്കൊണ്ട് അതിനായി അല്ലാഹു സ്വയം ഒരു തന്ത്രം മെനയുകയാണ് ചെയ്തത്.

﴿اجْعَلْنِي عَلَى خَزَائِنِ الْأَرْضِ﴾ എന്നതിനെ വിശദീകരിച്ചുകൊണ്ട് ഫത്ഹുൽ ബയാനിൽ എഴുതുന്നു. അക്രമിയും കാഫിറുമായ ഭരണാധികാരിയിൽ നിന്നുപോലും വല്ല സ്ഥാനവും നൽകുകയാണെങ്കിൽ താൻ സത്യത്തിൽ അടിയുറച്ചുനിൽക്കുമെന്ന് ദൃഢബോധ്യമുള്ള വ്യക്തിക്ക് ആ സ്ഥാനം സ്വീകരിക്കാവുന്നതാണെന്ന് ഇതിൽ നിന്നും തെളിയുന്നു. സത്യം സ്ഥാപിക്കുക, അതിൽ അടിയുറച്ചുനിൽക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് തന്റെ ശരീഅത്തിനെ നടപ്പിൽ വരുത്തുക എന്നല്ലെന്ന് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഹദ്റത്ത് യൂസുഫ് (അ) ന്റെ സഹോദരന്റെ കാര്യത്തിൽ നിന്നും വ്യക്തമാകുന്നതുപോലെ നിഷേധിയായ ഒരു ഭരണാധികാരിയുടെ കീഴിൽ പ്രവർത്തിക്കുന്നതിലൂടെ വിശ്വാസി തന്നിഷ്ടം നടപ്പിൽ വരുത്തുമെന്നല്ല. സത്യത്തിൽ അടിയുറച്ചുനിൽക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അക്രമത്തിന് കൂട്ടു നിൽക്കാതിരിക്കുക എന്നതാണ്. ഹദ്റത്ത് യൂസുഫ് (അ) ന്റെ കാര്യത്തിൽ നിന്നും വ്യക്തമാകുന്നത് ഗവൺമെന്റ് കാഫിറാണെങ്കിൽ പോലും അവരെ അനുസരിക്കേണ്ടത് നിർബന്ധമാണ്.

ഭരണാധികാരിയോട് ഭിന്നത ഉണ്ടെങ്കിൽ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് ഒന്നുകൂടി വിശദീകരിക്കുന്നു. ഭരണാധികാരികൾ എന്നാൽ മുസ്‌ലീംകളെ മാത്രം അനുസരിച്ചാൽ പോര. തിരുനബി (സ) പറയുന്നു. ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്. നിങ്ങൾ തഖ്‌വ സ്വായത്തമാക്കുക. അനുസരണവും പിൻപറ്റലും നിങ്ങളുടെ ശീലമാക്കിമാറ്റുക. നിങ്ങളുടെ മേലധികാരി ഒരു ഹബ്ശീ അടിമയായാലും ശരി. എനിക്ക് ശേഷം ജീവിക്കുന്നവർ ജനങ്ങൾക്കിടയിൽ ശക്തമായ ഭിന്നത കാണിക്കുന്നതാണ്. ഈ അവസരത്തിൽ എന്റെയും എനിക്ക് ശേഷം വരുന്ന സച്ചരിതരായ ഖലീഫമാരുടെയും സുന്നത്തിനെ നിങ്ങൾ മുറുകെ പിടിക്കുക എന്നതാണ് എന്റെ ഉപദേശം فَتَمَسَّكُوا بِهَا ആ സുന്നത്തിനെ ശക്തമായി പിടിക്കണം. അണപ്പല്ലുകൾകൊണ്ട് കടിച്ചുപിടിക്കുന്നതുപോലെ നിങ്ങൾ ഈ സുന്നത്തിനെ മുറുകെ പിടിക്കണം. എന്റെയും എന്റെ ഖലീഫമാരുടെയും മാർഗത്തെ ഒരിക്കലും കൈവിടരുത്.(മുസ്നദ്ബ്നു ഹമ്പൽ)

ഭൗതിക ഭരണാധികാരികളെക്കുറിച്ചുള്ള കൽപ്പന എന്താണ്. ബുഖാരിയിലുള്ള ഹദീസാണ്. എനിക്ക് ശേഷം നിങ്ങളോട് അനീതി പ്രവർത്തിക്കുന്നത് നിങ്ങൾ കാണും. (മുമ്പും ഇത് വിവരിച്ചിട്ടുണ്ട്) നിങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നതാണ്. മറ്റുള്ളവർക്ക് മുൻഗണന നൽകുന്നതായിരിക്കും. നിങ്ങൾക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ നിങ്ങൾ കാണുന്നതാണ്. സഹാബത്ത് ചോദിച്ചു. ആ അവസരത്തിൽ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്. തിരുനബി (സ) അരുളി. ഭരണാധികാരികൾക്ക് അവരോടുള്ള കടമകൾ നിങ്ങൾ നിറവേറ്റുക. നിങ്ങളുടെ അവകാശങ്ങൾ അല്ലാഹുവിനോട് ചോദിക്കുക. മുസ്‌ലിമിലും ഇതുപോലുള്ള ഒരു ഹദീസുണ്ട്. ഭരണാധികാരികൾ അക്രമിയും അവകാശധ്വംസനം നടത്തുന്നവരാണെങ്കിലും അവരെ അനുസരിക്കേണ്ടതാണ്. അക്രമികളായ ഭരണാധികാരികളോടുള്ള കടമകളും നിറവേറ്റേണ്ടതാണ്. അവർക്കെതിരിൽ രാജ്യദ്രോഹപ്രവർത്തനം ചെയ്യാൻ പാടില്ല. അവരെ ധിക്കരിക്കാൻ പാടില്ല. അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന്നായും അവർ നന്നായിത്തീരുന്നതിന്നും വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ഏതെല്ലാം നിബന്ധനകളിലാണ്

ബൈഅത്ത് ചെയ്തതെന്നും ഒരു അഹ്മദി ഓർക്കേണ്ടതാണ്.

ബൈഅത്തിന്റെ രണ്ടാമത്തെ നിബന്ധന കളവ്, വ്യഭിചാരം, ദുർനോട്ടം, ചതി, വഞ്ചന, പരദ്രോഹം, വിശ്വാസ വഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ മാർഗ്ഗങ്ങളെ തൊട്ട് സുരക്ഷിതനാകാൻ ശ്രമിക്കുന്നതും എന്തുതന്നെ ആവേശം വന്നാലും ശരീരേച്ഛകൾക്ക് അടിപ്പെട്ടു പോകാതിരിക്കുവാൻ പരിശ്രമിക്കുന്നതുമായിരിക്കും.

നാലാമത്തെ ശർത്ത് ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടു ആർക്കും തന്നെ ലോകത്തിനു പൊതുവെയും മുസ്‌ലിം സമുദായത്തിനു പ്രത്യേകിച്ചും, നാവുകൊണ്ടോ കൈകൊണ്ടോ മറ്റു പ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.''والفتنة أكبر من القتل. രാജ്യദ്രോഹ പ്രവർത്തനം നടത്തുക, സമാധാന ഭംഗമുണ്ടാക്കുക എന്നത് കൊലയെക്കാളും മാരക പ്രവർത്തിയാണ്. ഉലുൽ അംറ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ബാഹ്യമായി രാജാക്കന്മാരും ആത്മീയമായി കാലഘട്ടത്തിന്റെ ഇമാമുമാണ്. ഭൗതികമായി നമ്മുടെ എതിരാളികളല്ലാത്ത എല്ലാവരും അവർ മുഖേന മതപരമായ നേട്ടം നമുക്ക് ലഭിക്കുമെന്നുണ്ടെങ്കിൽ അവർ നമ്മിൽ പെട്ടവരാണ്.'' ''നിങ്ങളിൽ ആരെങ്കിലും ഉള്ളിടത്ത് പ്ലേഗ് പടരുകയാണെങ്കിൽ ഗവൺമെന്റിന്റെ നിയമത്തെ അനുസരിക്കുന്നവരിൽ പ്രഥമർ നിങ്ങളായിരിക്കണം. പല സ്ഥലത്തും പോലീസുമായി ഏറ്റുമുട്ടൽ നടക്കുന്നുണ്ടെന്ന് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റിന്റെ നിയമത്തെ ലംഘിക്കുക എന്നത് എന്റെ അഭിപ്രായത്തിൽ രാജ്യദ്രോഹമാണ്. ഇത് അപകടകരമായ കുറ്റകൃത്യമാണ്. സൽസ്വഭാവികളും നല്ലവരുമായ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. നാട്ടുനടപ്പും മതപരമായ കാര്യങ്ങളെക്കുറിച്ച് അറിയുന്ന ആളുമായിരിക്കേണ്ടതാണ്. അതിനാൽ ഈ നിയമങ്ങൾ നിങ്ങൾ സ്വയം പാലിക്കുകയും ഈ നിയമത്തിന്റെ ഗുണങ്ങളെക്കുറിച്ച് അടുത്തവരെയും സുഹൃത്തുക്കളെയും നിങ്ങൾ അറിയിക്കുകയും ചെയ്യുക.''

ഒരിക്കൽ യൂണിവേഴ്സിറ്റിയിൽ ഹർത്താൽ നടന്നു. അതിനെക്കുറിച്ച് പറഞ്ഞത്. കുഴപ്പമുണ്ടാക്കിയ കുട്ടികളോടൊപ്പം ചേർന്ന് ഇവ്വിധ പ്രവർത്തനത്തിൽ പങ്കാളികളാകുക എന്നത് നമ്മുടെ അദ്ധ്യാപനത്തിനും നമ്മുടെ അഭിപ്രായത്തിനും കടകവിരുദ്ധമാണ്. അതുകൊണ്ട് ആരെങ്കിലും ഇതിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ അവർ രാജ്യദ്രോഹപ്രവർത്തനമാണ് ചെയ്യുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ''ലാഹോറിൽ വിദ്യാർത്ഥികൾ തങ്ങളുടെ പ്രൊഫസർമാർക്കെതിരിൽ സമരം നടത്തിയപ്പോൾ ഈ ജമാഅത്തിലുള്ള വിദ്യാർത്ഥികളോട് അതിൽ പങ്കെടുക്കരുതെന്ന് ഞാൻ പറഞ്ഞിരുന്നു. നിങ്ങളുടെ അദ്ധ്യാപകരോട് മാപ്പു ചോദിച്ചുകൊണ്ട് ഉടനടി കോളേജിൽ പ്രവേശിക്കുക. എന്റെ കൽപന പാലിച്ചുകൊണ്ട് അവർ കോളേജിൽപ്രവേശിക്കുകയും അവരുടെ മാതൃക കണ്ട്കൊണ്ട് മറ്റു വിദ്യാർത്ഥികളും കോളേജിൽ പ്രവേശിക്കുകയുണ്ടായി.'' ഖലീഫത്തുൽ മസീഹ് അവ്വൽ ഇതിനെക്കുറിച്ച് പറയുന്നു. ''ഓരോ മുസ്‌ലിമും അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഉലുൽ അംറിനെയും അനുസരിക്കേണ്ടത് നിർബന്ധമാണ്. ഉലുൽ അംറ് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ മുസ്‌ലിംകൾ ക്ഷമ കൈകൊള്ളുകയും മറ്റു കാര്യങ്ങളിൽ ഭരണാധികാരിയെ അനുസരിക്കുകയും ഇനി ക്ഷമിക്കുവാൻ കഴിയുന്നില്ലെങ്കിൽ ആ രാജ്യം വിട്ടുപോകുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഭരണാധികാരിയെയും അനുസരിക്കണം എന്നത് വ്യക്തമായ കൽപനയാണ്. ഉലിൽ അംറിൽ ഭരണാധികാരികളും രാജാക്കൻമാരും പ്രഥമസ്ഥാനത്തും പണ്ഢിതരും മറ്റും ദ്വിതീയ സ്ഥാനത്തുമാണുള്ളത്.''

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) കശ്മീരികളുടെ അവകാശം നേടിയെടുക്കുന്നതിനായി ഇന്ത്യയിലെ മറ്റു മുസ്‌ലിംകളെ കൂട്ടി സമ്മേളനങ്ങളും പ്രകടനങ്ങളും നടത്താനുള്ള അനുമതി നൽകിയിട്ടില്ലെ എന്ന് ചിലർ ചോദിക്കാറുണ്ട്. ജനങ്ങൾ ഇന്ന് ഗവൺമെന്റിനെതിരിൽ നടത്തുന്ന പ്രക്ഷോപത്തിന് തുല്ല്യമായാണ് ഇതിനെ കാണുന്നത്. അതുകൊണ്ട് ഇത് അനുവദനീയമാണെന്നാണ് അവർ പറയുന്നത്. എന്നാൽ അത് ഒരു പൊതു പ്രതിഷേധമായിരുന്നു. അവർക്ക് അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കാനുള്ള ഒരു പദ്ധതി മാത്രമായിരുന്നു അത്. ഒരു വിധത്തിലുമുള്ള വിധ്വംസക പ്രവർത്തനങ്ങളോ പോരാട്ടമോ കുഴപ്പോമോ ഒന്നും അതിൽ ഇല്ലായിരുന്നു. കശ്മീരികളുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു എന്നും അവരുടെ സ്വത്തുക്കളെല്ലാം അവരുടെ പേരിൽ മാത്രമെന്നല്ലാതെ അതിലെ വരുമാനം മൊത്തമായും രാജാവിന്റെ അടുത്തേക്കാണ് ഒഴുകുന്നത് അതുകൊണ്ട് അവരുടെ അവകാശങ്ങൾ നൽകണം എന്ന് ഗവൺമെന്റിനെ ബോധ്യപ്പെടുത്തുക എന്നതുമാത്രമായിരുന്നു അതിന്റെ ലക്ഷ്യം.

1929 നവംബറിൽ നടന്ന ഹർത്താലിനെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) നോട് അഹ്മദികൾ ഇതിൽ എന്ത് നിലപാടാണ് എടുക്കേണ്ടതെന്ന് ചോദിച്ചിരുന്നു. പറഞ്ഞു. ''ഹർത്താലിൽ പങ്കെടുക്കാൻ പാടില്ല. ഇതു സംബന്ധമായി വല്ല യോഗങ്ങളും പ്രകടനങ്ങളും സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ അതിൽ പങ്കെടുക്കാം. നിങ്ങളുടെ അവകാശങ്ങൾ നേടാൻ സമ്മേളനങ്ങൾ നടത്തുക, പ്രകടനങ്ങൾ നടത്തുക എന്നതുവരെയാകാം. കാരണം ഒരു പരിധിവരെ ഗവൺമെന്റ് അതിനുള്ള അനുവാദം നൽകിയിട്ടുള്ളതാണ്. എന്നാൽ ഹർത്താലും കടകളടപ്പിക്കലും എല്ലാം തകർക്കുന്നതും ഒന്നും അനുവദനീയമല്ല.''

ഒരാൾ ചോദിച്ചു. പട്ടണങ്ങളിൽ അഹ്മദികളുടെ കടകൾ വളരെകുറച്ചെ ഉണ്ടാകുകയുള്ളൂ. അത് തുറന്നുവെക്കുകയാണെങ്കിൽ അത് അക്രമിക്കപ്പെടാൻ സാധ്യത കൂടുതലാണ്. ജനങ്ങൽ നിർബന്ധിച്ച് അടപ്പിക്കും. പറഞ്ഞു. ''ആരെങ്കിലും നിർബന്ധിച്ച് അടപ്പിക്കുകയാണെങ്കിൽ അടക്കുക. എന്നിട്ട് പോലീസിൽ പോയി കാര്യം പറയുക. കട തുറക്കാൻ ഞങ്ങൾ ആഗ്രഹിച്ചതാണ്. എന്നാൽ ഇക്കൂട്ടർ തുറക്കാൻ അനുവദിക്കുന്നില്ല. പോലീസ് സംരക്ഷണം ഉറപ്പുവരുത്തുന്നുണ്ടെങ്കിൽ തുറക്കുക. അല്ലെങ്കിൽ തുറക്കേണ്ടതില്ല.''

ഹർത്താൽ നിയമപ്രകാരം തെറ്റാണോ എന്ന് ഒരാൾ ചോദിച്ചു. പറഞ്ഞു. ''നിയമത്തിന്റെ പ്രശ്നമല്ല ഇവിടെ ഉദിക്കുന്നത്. ഇത് വ്യർത്ഥമായ ഒരു കാര്യമാണ്. കച്ചവടക്കാരനും ഉപഭോക്താവിനും ഇതുമുഖേന നഷ്ടമാണ് വരുന്നത്.'' അന്നത്തെ അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു.''ഇന്ന് മുസ്‌ലിംകൾ ലാഹോറിൽ ഹർത്താൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൊണ്ട് സാധനങ്ങൾ വാങ്ങാൻ പോകുന്നവർ ഹിന്ദുക്കളുടെ കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ നിർബന്ധിതരാകും. ഇതുകൊണ്ട് നഷ്ടം മുസ്‌ലിംകൾക്കു തന്നെയാണ്.'' ''നിയമലംഘനത്തെ പ്രേത്സാഹിപ്പിക്കുന്നവരോട് നമുക്ക് ഒരിക്കലും സഹകരിക്കാൻ കഴിയില്ല. ചില സംഘടനകൾ രാജ്യദ്രോഹ പ്രവർത്തനത്തിന് പ്രോത്സാഹിപ്പിക്കുന്നു. ചിലർ കൊല്ലാനും കുഴപ്പമുണ്ടാക്കാനും പ്രേരണ നൽകുന്നു. നിയമത്തെ പാലിക്കേണ്ടത് നിർബന്ധമായി ചിലർ കരുതുന്നില്ല. ഇക്കാര്യങ്ങളിൽ ഒരു സംഘടനയുമായും സഹകരിക്കാൻ ഞങ്ങൾ തയ്യാറല്ല. കാരണം ഇതെല്ലാം ഞങ്ങളുടെ മതപരമായ അദ്ധ്യാപനങ്ങൾക്ക് കടകവിരുദ്ധമാണ്. ഇതോടൊപ്പം മതപരമായ കാര്യങ്ങൾ പാലിക്കേണ്ടത് വളരെ നിർബന്ധമാണ്. ഗവൺമെന്റുകളെല്ലാം ഞങ്ങൾക്കെതിരിൽ തിരിഞ്ഞാലും ഗവൺമെന്റുകൾ അഹ്മദികളെ കുരിശിൽ തറച്ച് കൊന്നാലും ശരീഅത്തിന്റെ നിയമവും നാട്ടിലെ നിയമവും ലംഘിക്കാൻ പാടില്ലെന്ന ഞങ്ങളുടെ കാഴ്ച

ഷാടിനെ മാറ്റാൻ ഞങ്ങൾ തയ്യാറല്ല. ഇതിന്നെതിരിൽ അതികഠോരമായ ശിക്ഷ തന്നെ ഞങ്ങൾക്ക് നൽകപ്പെട്ടാലും ഈ തത്വത്തിൽ നിന്നും ഞങ്ങൾ പിന്മാറില്ല.''

ഹർത്താലുകളെക്കുറിച്ചുള്ള കൽപനകളാണിവ. എല്ലാം ഇവിടെ വ്യക്തമായിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് തുടക്കത്തിൽ സൂറ ബഖറയിലെ 206-ാം ആയത്തിന്റെ ഒരു ഭാഗം ഞാൻ കേൾപ്പിച്ചിരുന്നു..﴿والله لا يحب الفساد﴾ അല്ലാഹു ഫസാദ് ഇഷ്ടപ്പെടുന്നില്ല. അടിച്ചേൽപ്പിക്കപ്പെടുമ്പോൾ കുഴപ്പങ്ങൾ തലപൊക്കും. ഇക്കാലത്ത് ഈ കുഴപ്പത്തിന്റെ നീരാളിപ്പിടിത്തത്തിൽ അമർന്നിരിക്കുന്നത് മുസ്‌ലിം രാഷ്ട്രങ്ങളാണ്. ഈ ആയത്തിന്റെ പൂർണ്ണരൂപം ഇപ്രകാരമാണ്.

﴿وَإِذَا تَوَلَّى سَعَى فِي الأَرْضِ لِيُفْسِدَ فِيهَا وَيُهْلِكَ الْحَرْثَ وَالنَّسْلَ وَاللَّهُ لَا يُحِبُّ الْفَسَادَ﴾

അവർ അധികാരം കരസ്ഥമാക്കിക്കഴിഞ്ഞാൽ നാട്ടിൽ കുഴപ്പമുണ്ടാക്കുകയും ഉൽപ്പന്നങ്ങളെയും മനുഷ്യ സന്തതികളെയും നശിപ്പിക്കുകയും ചെയ്യുവാൻ ഓടിനടക്കുന്നതാണ്. എന്നാൽ അല്ലാഹു കുഴപ്പത്തെ ഇഷ്ടപ്പെടുന്നില്ല.

ഭരണാധികാരികൾ അക്രമികളായി മാറുമ്പോൾ എതിരാളികളുടെ ഉൽപ്പന്നങ്ങൾക്കും സന്തതികൾക്കും വ്യാപക നഷ്ടം വരുത്തിവെക്കാൻ അവർ ശ്രമിക്കുന്നു. ഈ ആയത്ത് ഭരണാധികാരികളെയാണ് താക്കീത് ചെയ്യുന്നത്. അതോടൊപ്പം അല്ലാഹു ഫസാദിനെ ഇഷ്ടപ്പെടുന്നില്ല എന്ന അല്ലാഹുവിന്റെ ഒരു പൊതുകൽപന ഇതിനോടൊപ്പമുണ്ട്. രാജ്യദ്രോഹ പ്രവർത്തനം നടത്തുന്നവർക്കും ഇവിടെ താക്കീതുണ്ട്. വിശുദ്ധ ഖുർആൻ പൊതുജനങ്ങളെമാത്രം കൽപിക്കാതെ ഭരണാധികാരികളോട് ജനങ്ങളുടെ അവകാശം നൽകാൻ കൽപ്പിക്കുക കൂടി ചെയ്യുന്നുണ്ട്. നിങ്ങൾ അഹങ്കരിച്ചുകൊണ്ട് രാജ്യത്ത് കുഴപ്പം സൃഷ്ടിക്കരുത്. സാധാരണക്കാരുടെ അവകാശങ്ങൾ ധ്വംസിക്കകരുത്. പൊതുജനങ്ങൾക്കിടയിൽ അസ്വസ്ഥത പരക്കുന്നവിധം ധനവാന്റെയും ദരിദ്രന്റെയും അകൽച്ച വളരെ കൂടുതലായി വർദ്ധിപ്പിക്കാതിരിക്കുക. ഈ അകൽച്ചകൾ കൂടുമ്പോൾ നിയമലംഘനങ്ങളും കുഴപ്പങ്ങളും തലപൊക്കും. ഈ പ്രവർത്തനം കാരണം അല്ലാഹുവിന്റെ പിടിയിൽ നിങ്ങൾ വരുന്നതാണ്. ഇന്നുള്ള അവസ്ഥ നോക്കുക. എല്ലാ നാടുകളിൽ നിന്നും കേൾക്കാൻ കഴിയുന്ന ശബ്ദം പൊതുമുതൽ കൊള്ളയടിക്കപ്പെട്ടു എന്നാണ്. പൊതുജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ നിഷേധിച്ചിരിക്കുന്നു എന്നും നാം കേൾക്കുന്നു. അല്ലാഹു പ്രത്യേകമായി ഇക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഉപദേശിച്ച ആളുകളിൽ ഉൾപ്പെട്ടവർ, ഇപ്പോഴത്തെ മുസ്‌ലിം ഭരണാധികാരികളാണ് ഇവ്വിധമുള്ള ജുഗുപ്ത്സാവഹമായ പ്രവർത്തികൾ ചെയ്യുന്നത്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ട കടമ ഭരണാധികാരികളുടേതാണ്. അവരുടെ സാമ്പത്തിക വളർച്ചയും അവരുടെ ആരോഗ്യ സംരക്ഷണവും മറ്റുമെല്ലാം നോക്കേണ്ട കടമ ഭരണാധികാരികളുടേതാണ്. ഈ കടമകൾ അവർ നിറവേറ്റേണ്ടതാണ്. ഈ കടമകൾ നിറവേറ്റാതെ ലോകത്ത് ഫസാദുണ്ടാക്കാൻ ഇവർ കാരണക്കാരായിത്തീരുകയാണ്. ഫസാദ് അല്ലാഹുവിന്ന് ഒട്ടും നഷ്ടവുമില്ല.

അതിനാൽ നമ്മുടെ ഭരണാധികാരികൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിലമതിച്ചുകൊണ്ട് നാം സമർപ്പക്കുന്ന മാതൃകകളനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് ഉമർ (റ) ഭരണം ലഭിച്ചപ്പോൾ നീതി നടപ്പിൽ വരുത്തിയത് ഏതുവിധത്തിലായിരുന്നു. ക്രിസ്തീയ ഭരണം വീണ്ടും സ്ഥാപിക്കപ്പെട്ടപ്പോൾ മുസ്‌ലിംകളുടെ ഭരണം തിരിച്ചുവരണമെന്ന് ക്രിസ്ത്യാനികൾ കരഞ്ഞുകരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുകയായിരുന്നു. എന്നാൽ ഇവിടെ എന്താണ് നടക്കുന്നത്. നീതി നടപ്പിൽ വരുത്താൻ യാചിച്ചുകൊണ്ട് മുസ്‌ലിംകൾ മുസ്‌ലിം ഭരണാധികാരികൾക്കെതിരിൽ പോരാടുന്നു. അതുകൊണ്ട് മുസ്‌ലിംകളിൽ നിന്നും വിനഷ്ടമായിരിക്കുന്ന തഖ്‌വയെ അന്വേഷിക്കേണ്ടിയിരിക്കുന്നു. ഭരണാധികാരികളും ജനങ്ങളും ഈ അടിസ്ഥാന തത്വത്തെ മനസ്സിലാക്കിയാൽ വിജയിക്കുന്നതാണ്. അഹ്മദികൾ ഈ ഫസാദിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്. ദുആ ചെയ്യുക. ഹൃദയാന്തരാളങ്ങളിൽ നിന്നും നിർഗളിക്കുന്ന പ്രാർത്ഥനകളാണെങ്കിൽ ഒരുനാൾ അല്ലാഹു സ്വീകരിക്കുക തന്നെ ചെയ്യുന്നതാണ്. ഭരണാധികാരികൾ അക്രമിക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അവരിൽ നിന്നും മോചനം ലഭിക്കുന്നതാണ്.

ഭാവിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ താൽക്കാലിക സമാധാനം നൽകുന്നതായിരിക്കാം. ഒന്നും ശാശ്വത സമാധാനം നൽകുന്നതല്ല. അക്രമ പ്രവർത്തനങ്ങളിലൂടെ വിപ്ലവം ഉണ്ടാക്കുകയാണെങ്കിൽ ഒരു കാലം കഴിയുമ്പോൾ അതിൽ നിന്നും അക്രമികളായ ഭരണാധികാരികൾ ജന്മമെടുക്കുന്നതാണ്. ഒരു അക്രമി മാറി മറ്റൊരു അക്രമി വരും. അത്കൊണ്ട് നമ്മിൽ ഒരിക്കലും അക്രമിയായ ഭരണാധികാരിയെ അല്ലാഹു നിയമിക്കാതിരിക്കട്ടെ എന്നും ദുആ ചെയ്യുക. *പൊതുജനങ്ങളും ഭരണാധികാരികളും അവരവരുടെ കടമകൾ നിറവേറ്റുന്നവരായി മാറട്ടെ. ഇസ് ലാമിന്റെ മനോഹര അദ്ധ്യാപനം ജനസമക്ഷം സമർപ്പിക്കുന്നവരായിത്തീരട്ടെ.*

ജുമുഅ നമസ്ക്കാരത്തിനുശേഷം ചില ജനാസ ഗാഇബ് നമസ്ക്കാരം അനുഷ്ഠിക്കുന്നതാണ്. അഞ്ചുമൻ അഹ്മദിയ്യാ റബ്‌വയുടെ നാസിൽ ഇശാഅത്ത് അബ്ദുൽ ഹയ്യ് സാഹിബിന്റെ ഭാര്യ അമത്തുൽ വുദൂദ് സാഹിബയുടേതാണ് ഒന്നാമത്തെ ജനാസ. രണ്ട് ദിവസം മുമ്പ് ബ്ലഡ് പ്രഷർ കൂടുകയും ആശുപത്രിയിൽ അഡ് മിറ്റ് ചെയ്യുകയും ചെയ്തു. മാർച്ച് 25 ന് അവിടെവെച്ച് വഫാത്തായി. إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ 72 വയസ്സായിരുന്നു. ശൈഖ് മഹ്ബൂബ് ഇലാഹിഖാൻ സാഹിബ് ശ്രീനഗറിന്റെ മകളായിരുന്നു. ഇവർ ബ്രഹ്മണരായിരുന്നു. ഹിന്ദു മതം ഉപേക്ഷിച്ച് അഹ്മദിയ്യത്ത് സ്വീകരിച്ചതാണ്. രാധാകൃഷ്ണൻ എന്നായിരുന്നു ആദ്യത്തെ പേര്. മുസ്‌ലിഹ് മൗഊദ് (റ) ശൈഖ് സാഹിബിനെ ഖാദിയാനിൽ വിളിച്ച് മതപഠനം നൽകി. ദീനി സേവനം ചെയ്യുന്ന നല്ല സമ്പന്ന കുടുംബത്തിൽ പിറന്നവരായിരുന്നു ഇവർ.വഖ്ഫെ സിന്ദകിയുമായി വിവാഹം നടക്കുകയും അതിനനുസരിച്ച് ജീവിതം നയിക്കുകയും ചെയ്തു. സന്തോഷത്തോടെ ജീവിതം നയിക്കുകയും ചെയ്തു. എല്ലാവരുമായും ഇണങ്ങിച്ചേരുന്ന പ്രകൃതമായിരുന്നു. പാവങ്ങളെ വളരെയധികം സഹായിച്ചിരുന്നു. ആറ് വയസ്സുള്ള കുട്ടിയെ ദത്തെടുത്ത് വളർത്തി പഠിപ്പിക്കുകയും സ്വന്തം ചെലവിൽ വിവാഹം ചെയ്യിക്കുകയും ചെയ്തു. ഇവർ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ചെയർമാൻ സയ്യിദ് യഹ്‌യാ സാഹിബിന്റെ മാതാവായിരുന്നു.

മുഹമ്മദ് സഈദ് അഷ്റഫ് സാഹിബിന്റെതാണ് അടുത്ത് ജനാസ. ഇദ്ദേഹം റോഡ് മുറിച്ചുകടക്കുമ്പോൾ മോട്ടോർ സൈക്കിൾ ഇദ്ദേഹത്തെ ഇടിച്ചുവീഴ്ത്തുകയാണുണ്ടായത്. ഭാര്യയും ഇദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഭാര്യക്കും പരിക്ക് പറ്റിയിട്ടുണ്ട്. ഇദ്ദേഹം ഒരു വശത്ത് വീണുപോയി. മോട്ടോർ സൈക്കിൾ ഇദ്ദേഹത്തിന്റെ മുകളിലൂടെ കടന്നുപോയി. ഇദ്ദേഹം എഴുന്നേറ്റ് റിക്ഷ നിർത്തിച്ച് അതിൽ തന്നെ ഹോസ്പിറ്റലിൽ പോയി. അവിടെ എത്തി മുറിവ് കെട്ടിച്ചു. പത്ത് മിനിട്ട് കഴിഞ്ഞപ്പോൾ ശ്വാസ തടസ്സം നേരിട്ടു. ഉടനെ മരിക്കുകയും ചെയ്തു.إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ അദ്ദേഹത്തിന്റെ ഉപ്പാപ്പ ഫള്ലുദ്ദീൻ സാഹിബ് (റ) ഉമ്മാമ ഹസൻബീവി സാഹിബ (റ) ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിമാരായിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും പ്രത്യേക ബന്ധമായിരുന്നു.

ജമാഅത്തീ പ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു മകൻ മുഹമ്മദ് ഹസൻ സയ്യിദ് സാഹിബ് മുറബ്ബിയാണ്. ജർമനിയിലെ ജാമിആയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. ഇദ്ദേഹം ജനാസയിൽ പങ്കെടുക്കാൻ വേണ്ടി പോകാൻ നോക്കിയപ്പോൾ ഉമ്മ പറഞ്ഞു. നീ ഇവിടെ വരേണ്ടതില്ല. നിന്റെ ഡ്യൂട്ടി നിർവ്വഹിക്കുക. അതിന് തടസ്സമില്ലാതെ നോക്കണം.

മൂന്നാമത്തെ ജനാസ നഈമാ ബീഗം സാഹിബയുടേതാണ്. ഒജിഓ, അമേരിക്കയിലാണ് വഫാത്തായത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ കുടുംബ ഡോക്ടറായ ഡോക്ടർ ഹശ്മത്തുല്ലാഹ് ഖാൻ സാഹിബിന്റെ മകളായിരുന്നു. രണ്ടാം ഖിലാഫത്ത് മുതൽ ഇതേവരെയുള്ള ഖിലാഫത്തുമായി പ്രത്യേക ബന്ധമാണ് ഇവർക്കുണ്ടായിരുന്നത്. നല്ല ആത്മാർത്ഥത ഉണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് സാനി പറഞ്ഞതനുസരിച്ച് എം.എ. ഹിസ്റ്ററി ചെയ്തു. ജാമിആയിൽ കുറച്ചുകാലം പഠിപ്പിച്ചിരുന്നു. അമേരിക്കയിൽ തന്റെ മകന്റെ കൂടെ താമസിക്കുകയായിരുന്നു. അവിടെയും ലജ്ന പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങുമായിരുന്നു. മൂസി ആയിരുന്നു. *അല്ലാഹു ഇവരുടെ പദവികൾ ഉയർത്തട്ടെ.*

നഈം അഹ്മദ് വസീം സാഹിബ് മാർച്ച് 6 ന് അമേരിക്കയിൽ വെച്ച് മരിച്ചു. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബി ഹാജി മുഹമ്മദ്ദീൻ സാഹിബ് തിഹാൽവി (റ) ന്റെ മകനായിരുന്നു. ഖാദിയാനിൽ ദുആയുടെ മെഷീൻ എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. മുഖ്ലിസായ നിസ്വാർത്ഥ സേവകനായിരുന്നു. ജമാഅത്തിന്റെ എല്ലാ പ്രവർത്തനത്തിലും മുൻപന്തിയിലായിരുന്നു. ഖലീഫത്തുൽ മസീഹ് സാലിസ് ഹദ്റത്ത് മിർസാ നാസിർ അഹ്മദ് ഒന്ന് രണ്ട് ഖിലാഫത്ത് കാലത്ത് ഖലീഫ ആകുന്നതിനു മുമ്പ് കേന്ദ്രത്തിന്റെ സംരക്ഷണ ചുമതലയുടെ മേൽനോട്ടം വഹിച്ചിരുന്നത്. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. റബ്വയിലെ ശിലാ സ്ഥാപന സമയത്തും ഇദ്ദേഹം ഉണ്ടായിരുന്നു. അതിനുശേഷം അമേരിക്കയിൽ പോയി. അവിടെ അൻസാറുല്ലായുടെ ഖാഇദ് മാലായി പ്രവർത്തിച്ചു. കുറച്ച് മാസം മുമ്പ് ശക്തമായ ഹൃദയാഘാദം ഉണ്ടായിരുന്നു. ബോധം വന്നപ്പോൾ ആദ്യം ചോദിച്ചത് പള്ളിക്ക് വേണ്ടി അൻസാറുല്ലാഹ് കലക്റ്റ് ചെയ്യുന്ന ചന്ദയെക്കുറിച്ചായിരുന്നു. ബില്ലിന്റെ പണമെല്ലാം അടച്ചിട്ടുണ്ടോ എന്നും മറ്റും ചോദിച്ചു.

*അല്ലാഹു വഫാത്തായ എല്ലാവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ നന്മകൾ ഇവരുടെ മക്കളിലും നിലനിൽക്കട്ടെ.* ജുമുഅ നമസ്ക്കാരത്തിന് ശേഷം ഇവുരെ ജനാസ ഗാഇബ് നമസ്ക്കരിക്കുന്നതാണ്.

**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V ایده الله تعالیٰ بنصره العزیز
on 01- 04- 2011 at London

വിവർത്തനം
എം. നാസിർ അഹ്മദ് സാഹിബ് കൊടിയത്തൂർ
മുബല്ലിഗ് എറണാകുളം, PHONE : 9497343704

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by: **Majlis Khuddamul Ahmadiyya, North Kerala**